ഇരുപതിന പരിപാടിയിലെ കാർഷികപ്രവർത്തനങ്ങൾ

* 43 [43] ശ്രീ. കെ. സി. ജോസ് :
,, പന്തളം സുധാകരൻ :
,, ജോസ് കുറ്റിയാനി :
,, കെ. മുഹമ്മദ്കുട്ടി : താഴെ കാണുന്ന ചോദ്യത്തിന് കൃഷിവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

പുതുക്കിയ ഇരുപതിന പരിപാടിയിൽ കാർഷികരംഗത്തെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്താൻ എന്തൊക്കെ പരിപാടികളാണ് ഗവൺമെൻറ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത് ?

കൃഷിവകുപ്പുമന്ത്രി (ശ്രീ. എൻ്. സുന്ദരൻനാടാർ):

പുതിയ ഇരുപതിനപരിപാടിയിൽ കാർഷികരംഗത്തെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്താൻ താഴെപറയുന്ന പരിപാടികൾ നടപ്പിലാക്കാൻ കൃഷിവകുപ്പ് ഉദ്ദേശിക്കുന്നു.

1. മഴയെ മാത്രം ആശ്രയിച്ച് കൃഷി ചെയ്യേണ്ടുന്നതും ജലസേചന സൗകര്യമില്ലാത്തതുമായ പ്രദേശങ്ങളിൽ മണ്ണ് സംരക്ഷണം നടത്തി അവിടെ അനുയോജ്യമായ കൃഷിരീതികൾ നടപ്പാക്കുകയും പരമാവധി ഉൽപ്പാദനം വർദ്ധിപ്പിക്കാനുതകുന്ന ശാസ്ത്ര സാങ്കേതിക രീതികളും സൗകര്യങ്ങളും ലഭ്യമാക്കുന്നതിനുമുള്ള പ്രത്യേക പരിപാടികൾ "വാട്ടർ ഷെഡ്ഡ്" അടിസ്ഥാനത്തിൽ നടത്തുക.
2. പയറുവർഗ്ഗങ്ങളുടെയും എണ്ണക്കുരുക്കളുടേയും ഉൽപ്പാദനം പരമാവധി വർദ്ധിപ്പിക്കുക, ഫലവൃക്ഷങ്ങളുടേയും പച്ചക്കറികളുടേയും കൃഷി കൂടുതൽ വ്യാപകമാക്കുക.
3. ഹരിജനങ്ങൾക്കും ഗിരിജനങ്ങൾക്കും വേണ്ടിയുള്ള പ്രത്യേക കാർഷിക വികസന പരിപാടികൾ നടപ്പിലാക്കുക.
4. ഇന്ധനക്ഷാമം പരിഹരിക്കുന്നതിന് ആഭ്യന്തരമായിത്തന്നെ ഊർജ്ജത്തിൻെറ ഉൽപ്പാദനം വികസിപ്പിക്കുന്നതിന് ലക്ഷ്യം വച്ചുകൊണ്ടുള്ള ബയോഗ്യാസ് പ്ലാൻറുകൾ സംസ്ഥാനത്തുടനീളം സ്ഥാപിക്കുക.

നാളികേരം എണ്ണക്കുരുവായി പ്രഖ്യാപിക്കണമെന്ന ആവശ്യം

* 44. [44] ശ്രീ. പി. സി. ജോർജ് :
ശ്രീമതി റെയിച്ചൽ സണ്ണി പനവേലി :
ശ്രീ. കെ. ശങ്കരനാരായണ പിള്ള :
,, പി. വി. മുഹമ്മദ് :
,, സി. എഫ്. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിൽ ഇപ്പോൾ എത്ര ടൺ കൊപ്രാ ഉൽപ്പാദിപ്പിക്കുന്നുണ്ട്;

(ബി) ഇതുയും കൊപ്രാ സംസ്കരിച്ച് എണ്ണ ആക്കുന്നതിനുള്ള സംവിധാനം നിലവിലുണ്ടോ ;

(സി) നാളികേരം എണ്ണക്കുരുവായി പ്രഖ്യാപിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് സംസ്ഥാന ഗവൺമെൻറ് കേന്ദ്ര ഗവൺമെൻറിനെഴുതിയതെന്നാണ് ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) തേങ്ങ എണ്ണക്കുരുവായി പ്രഖ്യാപിക്കുകയില്ല, എന്ന കേന്ദ്ര ഗവൺമെൻറിൻെറ നയം സംസ്ഥാന ഗവൺമെൻറിൻെറ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഇ) ഉണ്ടെങ്കിൽ അത് പരിഹരിക്കാൻ എന്തുനടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ ;

(എഫ്) കേരളത്തിൽനിന്ന് നാഫെഡ് ഇപ്പോഴും കൊപ്ര സംഭരിക്കുന്നുണ്ടോ ;

(ജി) കേരളത്തിൽനിന്നും കൊപ്ര സംഭരിക്കുന്നതുമൂലം നഷ്ടമുണ്ടായാൽ അത് നാഫെഡും സംസ്ഥാന ഗവൺമെൻറും തുല്യമായി പങ്കുവയ്ക്കണമെന്ന് കേന്ദ്ര ഗവൺമെൻറിൽനിന്ന് എന്തെങ്കിലും നിർദ്ദേശം ലഭിച്ചിട്ടുണ്ടോ ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. എൻ. സുന്ദരൻ നാടാർ) :

(എ) ഉദ്ദേശം 3.35 ലക്ഷം ടൺ.

(ബി) ഉണ്ട്.

(സി) 1982 ഫെബ്രുവരി 2-ന് ആണ് ആദ്യമായി എഴുതിയത്. 1986 ജനുവരി പത്തിനും മാർച്ച് പത്തിനും വീണ്ടും ഈ ആവശ്യം ഉന്നയിക്കുകയുണ്ടായി.

(ഡി) ഉണ്ട്.

(ഇ) ദേശീയ എണ്ണക്കുരു വികസന പദ്ധതിയുടെ രൂപരേഖയ്ക്ക് അനുസൃതമായി നാളികേര വികസനത്തിന് ഒരു പദ്ധതി തയ്യാറാക്കി കേന്ദ്ര ഗവൺമെൻറിന് സമർപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

(എഫ്) ഇല്ല.

(ജി) കേരളത്തിൽനിന്നും താങ്ങുവില പദ്ധതിപ്രകാരം സംഭരിക്കുന്ന കൊപ്രായിലുണ്ടാകുന്ന നഷ്ടം സംസ്ഥാന ഗവൺമെൻറും കേന്ദ്ര ഗവൺമെൻറും തുല്യമായി പങ്കുവയ്ക്കണമെന്നുള്ള അടിസ്ഥാനത്തിലാണ് ഈ പദ്ധതിക്ക് അംഗീകാരം നൽകിയിട്ടുള്ളത്.

കായൽ നിലങ്ങളിലും കരി നിലങ്ങളിലും കൃഷിചെയ്യുന്ന കൃഷിക്കാർക്ക് സബ്സിഡി

* 45. [45] ശ്രീ. ടി. പി. പീതാംബരൻ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ :

(എ) കായൽ നിലങ്ങളിലും കരിനിലങ്ങളിലും കൃഷിചെയ്യുന്ന നെൽ കൃഷിക്കാർക്ക് വെള്ളം വറ്റിക്കുന്നതിന് പമ്പിംഗ് സബ്സിഡി നൽകാറുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഏതെല്ലാം മേഖലകളിൽ ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. എൻ. സുന്ദരൻ നാടാർ) :

(എ) ഉണ്ട്.

(ബി) പൊന്നാനി, തൃശ്ശൂർ മേഖലയിലെ കോൾ കൃഷിക്കും കുട്ടനാടൻ മേഖലയിലെ പുഞ്ചകൃഷിക്കും തിരുവനന്തപുരം ജില്ലയിലെ വെള്ളായണി കായൽ പ്രദേശത്തെ കൃഷിക്കും പമ്പിംഗ് സബ്സിഡി നൽകിവരുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly